## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5192** | **26.03.2018-ൽ മറുപടിക്ക്**

### കെ.സി. പാലത്തിന്റെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിൽ കിടങ്ങറയിലുള്ള കെ.സി. പാലത്തിന്റെ ഉയരം കുറവായതുകൊണ്ട് എല്ലാ ബോട്ടുകളും കടന്നുപോകത്തക്ക രീതിയിൽ പ്രസ്തുത പാലം ഉയർത്തിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിൽ കിടങ്ങറയിലുള്ള കെ.സി. പാലത്തിന്റെ ഉയരം കുറവായതുകൊണ്ട് എല്ലാ ബോട്ടുകളും കടന്നുപോകത്തക്ക രീതിയിൽ പ്രസ്തുത പാലം ഉയർത്തിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇപ്പോൾ നിർമ്മാണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) കെ.സി. പാലം നിലവിൽ ബോക്സ് കൾവർട്ടായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത ബോക്സ് കൾവർട്ട് പൊളിച്ചുകളയാതെ 2.30 മീറ്റർ ഉയർത്തി നിർമ്മിക്കുന്നതിന് ഐ.ഐ.റ്റി റിട്ടേർഡ് പ്രൊഫസർ ഡോ.പി.കെ.അരവിന്ദൻ തയ്യാറാക്കിയ ഡ്രോയിംങ്ങിന്റെ അടിസ്ഥാനത്തിൽ നിരവധി തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും കരാറുകാരൻ ഉയർന്ന തുക ക്വോട്ട് ചെയ്തതിനാൽ ഇതുവരെ കരാർ ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ സ്ഥലമേറ്റെടുപ്പ് പരമാവധി കുറയ്ക്കുന്ന രീതിയിൽ 5.50 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസോടുകൂടി ഇപ്പോഴുള്ള ഡിസൈൻ റിവൈസ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കത്ത് നം.ബ്രിഡ്ജ്/ജനറൽ-2018/കെസിബി തീയതി 17/03/2018 നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ചങ്ങനാശ്ശേരിയിൽ ടൂറിസം വികസനത്തിനും എല്ലായിനം ടൂറിസ്റ്റ് ബോട്ടുകളും യാത്രാബോട്ടുകളും എത്തുന്നതിനും സാഹചര്യം സൃഷ്ടിക്കുന്ന പ്രസ്തുത നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ റിവൈസ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ